LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 1961 അനാഥാലയങ്ങൾ ഉണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഝാർഖണ്ഡ്, ബീഹാർ, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ നിന്നും കുട്ടികളെ കേരളത്തിൽ എത്തിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ ഝാർഖണ്ഡ്, ബീഹാർ എന്നിവിടങ്ങളിൽ നിന്നുള്ള 226 ആൺകുട്ടികളും 230 പെൺകുട്ടികളും ഉൾപ്പെടുന്നു. പശ്ചിമബംഗാളിൽ നിന്നും 123 ആൺകുട്ടികളും സംസ്ഥാനത്ത് എത്തിയിട്ടുണ്ട്.

(സി) നിയമപ്രകാരമുള്ള രേഖകൾ ഇല്ലാതെ കുട്ടികളെ കൊണ്ടുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച പോലീസ് അന്വേഷണം ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിക്കുന്നതേയുള്ളൂ.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങളിൽ പ്രവേശിപ്പിച്ചിട്ടുള്ള അന്യസംസ്ഥാനത്ത് നിന്നുള്ള കുട്ടികളുടെ പരിചരണത്തിനായി സംസ്ഥാന സർക്കാർ ഗ്രാന്റ് നൽകുന്നില്ല. ഇതിനുള്ള ചെലവ് ബന്ധപ്പെട്ട സ്ഥാപനങ്ങളാണ് വഹിക്കേണ്ടത്. എന്നാൽ ഇത്തരം സ്ഥാപനങ്ങൾ ധനസഹായം സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീചിത്രാഹോം സംബന്ധിച്ച വനിതാ കമ്മിഷൻ ശുപാർശ

310 (1632) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ശ്രീചിത്രാഹോം സർക്കാർ ഏറ്റെടുക്കണമെന്ന് സംസ്ഥാന വനിതാകമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(ബി) ശ്രീചിത്രാഹോമിന്റെ പ്രവർത്തനം സംബന്ധിച്ച പരാതികളിൽ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ശ്രീചിത്രാഹോം സർക്കാർ ഏറ്റെടുക്കണമെന്ന കേരള വനിതാ കമ്മിഷന്റെ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ശ്രീചിത്രാഹോമിന്റെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സർക്കാർ പരിശോധിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.